# സിനിമാഗാനങ്ങളെപ്പററി എൻ.വി. കൃഷ്ണവാര്യർ



## വയലാറിനോട് യോജിക്കുന്നു

**സി**നിമാഗാനങ്ങൾക്ക് മലയാള സാഹിത്യത്തിലുള്ള സ്ഥാനത്തെപ്പററി നാനയിൽവന്ന ഒരു ഡസനോളം പ്രമുഖ കവികളുടേയും സാഹിത്യവിമർശ്ശകന്മാരുടേയും വാദപ്രതിവാദങ്ങൾ വിശദമായി വായിച്ചശേഷം താൻ വയലാറിൻെറ ഭാഗത്താണെന്നും സ്വന്തം പാട്ടുകളെത്തന്നെ ശ്രീ. പി. ഭാസ്ക്കരൻ ഒരിക്കലും തള്ളിപ്പറഞ്ഞുകൂടാത്തതായിരുന്നുവെന്നും പ്രസിദ്ധ സാഹിത്യകാരനും പത്രപ്രവർത്തകനും കവിയുമായ ശ്രീ.എൻ. വി. കൃഷ്ണവാര്യർ അഭിപ്രായപ്പെട്ടിരിക്കുന്നു.

പ്രൊഡ്യൂസറുടെ സമ്മർദ്ദവും സംഗീതസംവിധായകൻെറ നിയന്ത്രണങ്ങളും പ്രതിഭയുടെ വികാസത്തിന് പ്രതിബന്ധമല്ലെന്നു മാത്രമല്ല മറിച്ച് അവ കവിതയ്ക്കു പടർന്നുകയറുവാനുള്ള ഒരു പന്തൽക്കൂടെയാണെന്നുവരെ ശ്രീ. എൻ. വി. ക്ക് അഭിപ്രായമുണ്ട്.

ഇപ്പോൾ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ടിൻെറ ഡയറക്ടർ കൂടെയായ ശ്രീ കൃഷ്ണവാര്യർസാറിനെ തിരുവനന്തപുരത്ത് തമ്പുരാൻമുക്കിലുള്ള അദ്ദേഹത്തിൻെറ താൽക്കാലിക വസതിയിൽ വെച്ചാണ് ഞാന സന്ദർശിച്ചത്. ഏഴുമണിക്ക് ഓഫീസിൽനിന്നും തൻെറ വീട്ടിൽ എത്തുമ്പോൾ രാവിലെമുതൽ വൈകുന്നേരം വരെയുള്ള ഔദ്യോഗികവും ഭരണപരവുമായ ജോലികൾ കൊണ്ട് അദ്ദേഹം അവശനും പരിക്ഷീണനുമായി കാണപ്പെട്ടു

'പഴയ പത്രപ്രവർത്തനവും സാഹിത്യസൃഷ്ടികളുമാണോ ഇന്നത്തെ ഔദ്യോഗിക കൃത്യങ്ങളെക്കാൾ കൂടുതൽ സുഖമായി തോന്നുന്നത്?' ഞാന ചോദിച്ചു.

ശ്രീ. എൻ. വി. പറഞ്ഞു അയ്യയ്യോ ഇതെന്തൊരു സൈ്വരക്കേടാണ്. ഇപ്പോൾ പന്ത്രണ്ടു നൂറുപേർ ജോലിചെയ്യുന്ന പ്രസ്ഥാനത്തിൻെറ ചുമതല — [സ്ഥാപനത്തിൻെറ] ... 

ഇപ്പോൾ പന്ത്രണ്ടുനൂറുപേർ ജോലിചെയ്യുന്ന പ്രസ്ഥൂകൂടിയായപ്പോൾ മുഴുവനുമായി എത്ര ആളുകളുണ്ടോ അത്രയും പ്രശ്നങ്ങളുമാണ്. പണ്ട് 'മാതൃഭൂമി' വാരികയുടെ പത്രാധിപരായിരിക്കുമ്പോൾ ഉച്ചയ്ക്ക് ഓഫീസിൽ പോയാൽ മതി. സ്വസ്ഥമായും സൈ്വരമായും ജോലി ചെയ്യാം എഴുതാനും വായിക്കാനും സമയം കിട്ടും സ്വന്തമായി എത്രജോലി വേണമെങ്കിലും ചെയ്യാം. മററുള്ളവരുടെ ജോലി ശ്രദ്ധിക്കുക എന്നുള്ളതാണ് ഏററവും വിഷമംപിടിച്ച കാര്യമെന്ന് ഇപ്പോഴാണെനിക്കു മനസ്സിലാകുന്നത്.' തലയിൽ കയ്യടിച്ചുകൊണ്ട് അദ്ദേഹം നിർത്തി തുടർന്ന് അനൗപചാരികമായി പല വിഷയങ്ങളെപ്പററിയും സംസാരിച്ചുകൊണ്ടാണ് മലയാളസാഹിത്യത്തിൽ സിനിമാഗാനങ്ങൾക്കുള്ള സ്ഥാനംസംബന്ധിച്ച വിവാദവിഷയത്തിൽ ഞങ്ങളെത്തിച്ചേർന്നത്

ഇത് സംബന്ധിച്ച് നാനയിൽവന്ന അഭിപ്രായങ്ങളെ പരാമർശിച്ച് ഒരു ചോദ്യത്തിനുത്തരമായി ശ്രീ എൻ വി പറഞ്ഞു

'രണ്ടു വ്യത്യസ്തകലകളാണ് സംഗീതവും സാഹിത്യവും ആദ്യത്തേതിൻെറ മാദ്ധ്യമം ശ്രുതിമാത്രവേദ്യമായ ശബ്ദമാണ്. രണ്ടാമത്തേതിൻെറ മാദ്ധ്യമമാകട്ടെ ആലോച്യമാനമധുരമായ അർത്ഥവും. ചിത്രകലയ്ക്കും സംഗീതത്തിനും തമ്മിലുള്ള വ്യത്യാസം സംഗീതത്തിനും സാഹിത്യത്തിനും തമ്മിലുമുണ്ട്. എന്നാദ്യം ധരിക്കണം.'

'എങ്കിലും പലപ്പോഴും സംഗീതവും സാഹിത്യവും സഹകരിക്കാറുണ്ട്. ഈ സഹകരണം രണ്ടിൻേറയും സൗന്ദര്യവും ശക്തിയും എത്രയോ ഇരട്ടിയായി വർദ്ധിപ്പിക്കുകയുംചെയ്യുന്നു. എല്ലാ സഹകരണങ്ങൾക്കുമുള്ളപോലെ സംഗീത-സാഹിത്യങ്ങളുടെ സഹകരണങ്ങൾക്കും അതിൻേറതായ നിയമങ്ങളുണ്ട്. ഈ നിയമങ്ങൾക്ക് വിധേയമല്ലാത്ത സഹകരണം രണ്ടിൻേറയും മേന്മ കുറയ്ക്കുകയേയുള്ളൂ.

ചോദ്യം– സിനിമയിലുള്ളവയുടെ പങ്കിനെപ്പററി എന്താണഭിപ്രായം.

ഉത്തരം– 'പല കലകളുടേയും ചേരുവയായ ഒരു ബഹുജനമാധ്യമമാണല്ലോ സിനിമ അതിൽ ചിത്രകലയുണ്ട്, സംഗീതമുണ്ട്, സാഹിത്യമുണ്ട്, അഭിനയമുണ്ട് ഇവയ്ക്കുപുറമേ, കഥയെന്നു പറഞ്ഞുകൂടാത്ത വേറെയും പല ഘടകങ്ങൾ അതിലുണ്ട്.

സിനിമയിൽ ശുദ്ധമായ (സാഹിത്യമിശ്രമല്ലാത്ത) സംഗീതമുണ്ട് നല്ല സിനിമകളിൽ പശ്ചാത്തലസംഗീതമായും മററും ശുദ്ധമായ സംഗീതം ഉപയോഗപ്പെടുത്തുന്നു ഇതുപോലെ ശുദ്ധമായ (സംഗീതമിശ്രമല്ലാത്ത) സാഹിത്യവും സാഹിത്യത്തിൻെറ ഒരു പ്രകാരമായ കവിതയും സിനിമയിൽ ദുർലഭമായെങ്കിലും കണ്ടുവരാറുണ്ട്.

സാഹിത്യവും സംഗീതവും തമ്മിലുള്ള സഹകരണത്തിൻെറ മേഖലയിലാണ് സിനിമപ്പാട്ടുകൾ നിലകൊള്ളുന്നത്. നല്ല സംഗീതവും നല്ല സാഹിത്യവും വേണ്ടവിധത്തിൽ ചേർന്ന പാട്ട് ഉത്തമ കലാസൃഷ്ടിയായിരിക്കും ചേരുവ വേണ്ട വിധത്തിലാവുന്നത് സംഗീതം സാഹിത്യത്തെയോ സാഹിത്യം സംഗീതത്തെയോ ബാധിക്കാതെ, പരസ്പരപൂരകങ്ങളായി വർത്തിക്കുമ്പോഴാണ്

'സിനിമാപ്പാട്ട് കവിതയാണോ?' എന്ന ചോദ്യത്തിന് ഇപ്പോൾ ഉ

...മായി എന്ന തോന്നുന്ന ഒരു സിനിമാപാട്ടിലുള്ളത് നല്ല കവിതയാണെങ്കിൽ— മിക്കപ്പോഴും ഇതു് ഭാവപ്രധാന കവിതയായിരിക്കും— ആ പാട്ട് നല്ല കവിത തന്നെ സംഗീതംകൂടി നന്നായാൽ അതു് ഒരു 'പോപ്പുലർഹിറ്റ്' ആയെന്നുവരാം കവിത മോശമാണെങ്കിലും സംഗീതംനന്നായാൽ പാട്ട് പൊതുജനങ്ങളുടെ ചുണ്ടുകളിൽ വളരെക്കാലം തത്തിക്കളിച്ചേയ്ക്കും; പക്ഷേ, ആ കാരണംകൊണ്ടുമാത്രം അതു നല്ല കവിതയാകണമെന്നില്ല ...ക്കണക്കിനാളുകൾ പാടി നടക്കുന്നതുമൂലം എന്റെ പാട്ടുകൾ മികച്ച കവിതകളാണ്'' എന്ന് ഒരു ഗാനരചയിതാവു് അവകാശപ്പെട്ടേയ്ക്കും. പക്ഷേ, ഈ അവകാശത്തിന് അർത്ഥമൊന്നുമില്ല.'

ഇതുപോലെതന്നെ അർത്ഥമില്ലാത്തതാണ് പല ബാഹ്യപ്രേരണകൾക്കും വിധേയമായ സിനിമയിലെ ഗാനരചന സിനിമാപ്പാട്ടുകളെ കവിതകളല്ലാതാക്കുന്നു എന്നതും സിനിമാ ഗാനങ്ങൾക്ക് പല പരിമിതികളുമുണ്ട് എന്നതും ശരിയാണ് നിർമ്മാതാവിന്റെ ചോദനമനുസരിച്ച് 'കാതൽ' 'തത്ത്വം' 'വീരം' മുതലായ വകുപ്പുകളിൽപ്പെടുത്തി, മുൻകൂട്ടി ശേഖരിച്ചുവച്ച പ്രാസശബ്ദ വലികളുപയോഗിച്ച്, നിമിഷങ്ങൾക്കുള്ളിൽ പാട്ടുകൾ പടച്ചുവിടുന്നവരെപ്പററി നമെല്ലാം കേട്ടിട്ടുണ്ട്. ഇതു നിമിത്തം സിനിമാപ്പാട്ടുകൾ താണതരം കച്ചവടച്ചരക്കുകളാണെന്ന ധാരണയും പലർക്കുമുണ്ടായിട്ടുണ്ട് അതുശരിയല്ല'

ചോദ്യം— അപ്പോൾ നിർമ്മാതാവിന്റെയും സംവിധായകന്റെയുമൊക്കെ സമ്മർദ്ദം സിനിമാപ്പാട്ടുകളുടെ കലാമൂല്യം നശിപ്പിക്കുന്നില്ലെന്നാണോ സാർ പറയുന്നതു്?'

ഉത്തരം— 'അതേ ബാഹ്യപ്രേരണകളും നിയന്ത്രണങ്ങളും എല്ലാത്തരം രചനകൾക്കുമുണ്ട് എന്നതാണ് വാസ്തവം സ്വന്തം ഉൾവിളിക്കുമാത്രം വഴങ്ങി പാടുന്ന കയിലു കളുണ്ടാവാം, അത്തരം കവികൾ ഇക്കാലത്തു കുറവാണ്. മിക്കപ്പോഴും അടിയന്തരമായ സാമ്പത്തികാവശ്യമോ, മററു പ്രേരണയോ, സമ്മർദ്ദം തന്നെയോ സാഹിത്യരചനയ്ക്കുപിന്നിലുണ്ട് എന്നതാണ് വാസ്തവം. എഴുതുന്നതു് കവിതയോ കഥയോ നാടകമോ എന്താണെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ ആ തിരഞ്ഞെടുക്കപ്പെട്ട കലാരൂപം, ഭാഷ, ഉദ്ദിഷ്ടമായ അനുവാചക (പ്രേക്ഷക) മണ്ഡലം മുതലായ പലതും എഴുത്തിൽ എഴുത്തുകാരൻ അറിഞ്ഞോ അറിയാതെയോ, നിയന്ത്രണം ചെലുത്താതെയുമിരിക്കുന്നില്ല ഈ സമ്മർദ്ദങ്ങളേയും നിയന്ത്രണങ്ങളേയും വെല്ലുവിളിക്കുന്നതിലാണ് സാഹിത്യകാരന്റെ മേന്മ

പ്രേമത്തെപ്പററി ഒരു യുഗ്മഗാനം വേണമെന്ന് പ്രൊഡ്യൂസർ ആവശ്യപ്പെടുന്നു എന്നുവെയ്ക്കുക. സംഗീതസംവിധായകൻ ട്യൂൺനിശ്ചയിക്കുന്നു ഇനി ഗാനരചയിതാവിന്റെ ഊഴമാണ് അയാൾ നല്ല കവിയെങ്കിൽ ഉത്തമസൃഷ്ടിക്ക് ആവശ്യമായ ഏകാഗ്രതയിലേക്കും ഉദാത്തതയിലേക്കും നിമിഷങ്ങൾക്കുള്ളിൽ പറന്നുയരാൻ അയാൾക്കു കഴിവുണ്ടെങ്കിൽ, പ്രൊഡ്യൂസറുടെ ചോദനവും സംഗീതസംവിധായകന്റെ നിയന്ത്രണവും, അയാളുടെ കവിതയ്ക്ക് പടർന്നുകയറാനുള്ള പന്തൽ മാത്രമാണ്; യഥാർത്ഥത്തിൽ അയാൾക്ക് സഹായമാണ് ഗാനരചയിതാവിൽ പ്രതിഭയില്ലെങ്കിലോ, അയാൾ തൽക്കാലാവശ്യം നിവർത്തിക്കാൻ ഒരു മൂന്നാംകിട പാട്ടെഴുതിയേക്കും. ഇവിടെ കുററം നിയന്ത്രണത്തിന്റേതല്ല രചയിതാവിന്റെ പ്രതിഭാദാരിദ്ര്യത്തിന്റേതാണ്

ഇക്കാരണത്താൽ ശ്രീ ഭാസ്ക്കരനോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല സ്വന്തം പാട്ടുകളെ അദ്ദേഹം തള്ളിപ്പറഞ്ഞുകൂടാത്തതാണ് ഭാസ്ക്കരനെന്ന കവിയെ ശരിക്ക് കാണണമെങ്കിൽ, അദ്ദേഹത്തിന്റെ സിനിമാപ്പാട്ടുകൾകൂടി, സിനിമേതരകവിതകളോടൊപ്പം, കണക്കിലെടുത്തേപററൂ എന്നാണ് എനിക്ക് തോന്നുന്നത്.

'അപ്പോൾ സിനിമാഗാനം കവിതയാണെന്ന വയലാറിന്റെ വാദത്തെ സാർ പിന്താങ്ങുകയാണോ?'

'അതേ' ശ്രീ രാമവർമ്മയുടെ ഭാഗത്താണ് ഞാൻ എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. അദ്ദേഹമെഴുതിയ പാട്ടുകളിൽ കവിതയെന്ന പേരർഹിക്കാത്തവയും ചിലതു് ഉണ്ടായിരിക്കാം. ഏതു കവിയുടെ കൃതികളിലാണ് ഉയർച്ചകളും താഴ്ച്ചകളുമില്ലാത്തതു്? ഷേക്സ്പിയറുടെ കൃതികളിൽത്തന്നെ, അടത്തിയെടുത്താൽ ഒരു മംഗലിയും തോന്നാത്ത സന്ദർഭങ്ങളില്ലേ? അത്ര നല്ലതല്ലാത്ത പലതും എഴുതിയ കൂട്ടത്തിൽ നല്ലതുകൂടി ചിലതെഴുതാൻ കഴിഞ്ഞാൽ അതുതന്നെ മതി ഒരു കവിക്ക് ചരിതാർത്ഥനാവാൻ

തന്റെ എല്ലാ സിനിമാപ്പാട്ടുകളും മികച്ച കവിതകളാണ് എന്ന് ശ്രീ രാമവർമ്മ അവകാശപ്പെടുന്നതായി ഞാൻ കരുതുന്നില്ല എന്നാലും, തന്റെ അത്ര മെച്ചമല്ലാത്ത പാട്ടുകൾകൂടി തന്റേതാണെന്നും, അവയിൽ തന്റെ സ്വത്വം പ്രതിഫലിക്കുന്നുണ്ടെന്നും, തന്നെ വിലമതിക്കുമ്പോൾ അവയേക്കൂടി കണക്കിലെടുക്കണമെന്നും ആണ് അദ്ദേഹത്തിന്റെ നിലപാട് എന്നു തോന്നുന്നു. ഇതാണ് ഒരു കലാകാരനുണ്ടായിരിക്കേണ്ട ശരിയായ നിലപാട് എന്ന് ഞാൻ വിശ്വസിക്കുന്നു.' □□



എൻ. വി കൃഷ്ണവാര്യർ നാന വായിക്കുന്നു



എൻ. വി. കൃഷ്ണവാര്യർ നാനായോടൊപ്പം